**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 921** | **10-08-2023 - ൽ മറുപടിയ്ക്ക്**

**നിർമിതി കേന്ദ്രം മുഖേന കണ്ണൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | നിർമ്മിതി കേന്ദ്രം മുഖേന കണ്ണൂർ മണ്ഡലത്തിൽ എത്ര പട്ടികജാതി സങ്കേതങ്ങളുടെ നിർമ്മാണം നടത്തിവരുന്നു; ഇതിൽ പൂർത്തിയാകാത്ത പദ്ധതികൾ എത്ര; വിശദമാക്കാമോ; | (എ) | വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു |
| (ബി) | പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കാൻ സാധിച്ചോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വിശദമാക്കാമോ? | (ബി) | മറുപടി (എ ) പിരിവിൽ ചേർത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം | വർഷം | കോളനിയുടെ പേര് | പുരോഗതി |
|---|---|---|---|
| 1 | 2016-17 | വലിയന്നൂർ - പള്ളിപ്രം കോളനി | ഭാഗികമായി പൂർത്തീകരിച്ചു. നിലവിലെ ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി, പൂർത്തീകരിച്ച പ്രവർത്തികളുടെ മാത്രം ബിൽ തുക നൽകുന്നതിനും കോളനിയിലെ അടിസ്ഥാന സൗകര്യ വികസനത്തിന് ആവശ്യമായ ഘടകങ്ങൾ മാത്രം ഉൾപ്പെടുത്തി ശിപാർശ ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതിന് നിർദേശം നൽകിയിട്ടുണ്ട് |
| 2 | 2016-17 | അവേര കോളനി | പ്രവൃത്തി പൂർത്തീകരിച്ചു. |
| 3 | 2019-20 | നിലപ്പനക്കുന്ന് | 2019-20 വർഷത്തിലാണ് ഈ കോളനിയെ ഉൾപ്പെടുത്തിയിരുന്നത്. റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം എസ്റ്റിമേറ്റ് തുക 50 ലക്ഷം കവിയുകയും 2019-20 വർഷത്തെ അംബേദ്കർ ഗ്രാമം ഭരണാനുമതി തുക 50 ലക്ഷം പരമാവധി ആയതിനാൽ ടി കോളനിയെ ഒരു കോടി രൂപയുടെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നിലവിൽ ജില്ലാ ഓഫീസർ പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു. |
| 4 | 2021-22 | എളയാവൂർ റൂറൽ വർക്കേഴ്സ് | 2021-22 വർഷത്തെ പദ്ധതിയായ എളയാവൂർ റൂറൽ വർക്കേഴ്സ് കോളനി 15.06.2023-ന് ഏജൻസിയുമായി കരാറിൽ ഏർപ്പെട്ട് പ്രവർത്തി ആരംഭിക്കുന്നതിന് ഏജൻസിക്ക് നിർദ്ദേശം നൽകി. |
| 5 | 2021-22 | മുണ്ടേരി കോളനി | 2021-22 വർഷത്തെ പദ്ധതിയായ മുണ്ടേരി കോളനി 05.04.2023-ന് ജില്ലാ നിർമ്മിതികേന്ദ്രം കണ്ണൂരുമായി കരാറിൽ ഏർപ്പെട്ട് പ്രവർത്തി ആരംഭിച്ചു. |